"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന 'കുടുംബശ്രീ കഫേശ്രീ' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള കാലയളവിലെ വാടക ഒഴിവാക്കി നൽകുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1496/2022/LSGD തീയതി,തിരുവനന്തപുരം, 21-06-2022

പരാമർശം:-

1. 06.11.2021 തീയതിയിലെ സ.ഉ.(കൈ) നം.261/2021/ തസ്വഭവ നമ്പർ ഉത്തരവ്.
2. കണ്ണൂർ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 16.03.2022 തീയതിയിലെ സി2/1838/2016 നമ്പർ കത്ത്.
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 11.05.2022 തീയതിയിലെ 4464/എഫ്/2022/കെ.എസ്,എച്ച്.ഒ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന ' കുടുംബശ്രീ കഫേശ്രീ' എന്ന സംരംഭം 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള വാടക ഒഴിവാക്കി തരണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ ജില്ലാപഞ്ചായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും, എന്നാൽ പരാമർശം (1) പ്രകാരം ജില്ലാപഞ്ചായത്തിൽ നിന്നും ആയതിന് തീരുമാനമെടുക്കാൻ കഴിയില്ലെന്നും സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കണമെന്നും ജില്ലാപഞ്ചായത്ത് സെക്രട്ടറി പരാമർശം (2) പ്രകാരം അറിയിച്ചതായി കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, ആയതിനാൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന 'കുടുംബശ്രീ കഫേശ്രീ' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക ഒഴിവാക്കുന്നത് സംബന്ധിച്ച് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയമേ ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും, വാടകയ്ക്ക് നൽകിയിട്ടുള്ളതുമായ എല്ലാ വിധ കെട്ടിടങ്ങളുടെയും 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള വാടക ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ധനസ്ഥിതി കൂടി കണക്കിലെടുത്തുകൊണ്ട് ഒഴിവാക്കി നൽകുന്നതിന്

പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വികസന കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന 'കുടുംബശ്രീ കഫേശ്രീ' എന്ന സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെയുള്ള കാലയളവിലെ വാടക ഒഴിവാക്കി നൽകുന്നതിന് കണ്ണൂർ ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJEEVAN A P
ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

സെക്രട്ടറി, ജില്ലാപഞ്ചായത്ത്, കണ്ണൂർ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-1/ആഡിറ്റ്-II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.LSGD-RC2/109/2022-LSGD)

ഉത്തരവിൻ പ്രകാരം
**Signed by Pradeesh M**
**Date: 21-06-2022 11:42:55**
സെക്ഷൻ ഓഫീസർ